2. പുനലൂർ - 1 „
3. കടയ്ക്കൽ - 1 „
4. ഇളമ്പൽ - 1 „

---

5 എണ്ണം

==========

(ബി) പുനലൂർ സെക്ഷന്റെ കീഴിൽ 17 പമ്പ് ഹൗസുകൾ നിലവിലുണ്ട്.

(സി) പുനലൂർ സെക്ഷന്റെ പരിധിയിൽ 31 ജീവനക്കാർ ഉണ്ട്. തസ്തിക തിരിച്ചുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ	-	1
ഓവർസിയർ	-	2
സർവ്വേയർ	-	2
എൽ.ഡി.ക്ലാർക്ക്	-	1
പ്യൂൺ	-	1
മീറ്റർ റീഡർ	-	1
ലോറി ക്ലീനർ	-	1
പമ്പ് ഓപ്പറേറ്റർ	-	18
വർക്കർ	-	4

(ഡി) 2200 കൺസ്യൂമേഴ്സ് ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) അതിനുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

31 (1865) ഇരമ്പകച്ചോല - വർമ്മംകോട് റോഡ് ജില്ലാ പഞ്ചായത്തിന് കൈമാറ്റം ചെയ്യുന്നതിന് നടപടി

<u>ശ്രീ. ജോസ് ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലെ ജലസേചനവകുപ്പിന്റെ കീഴിലുള്ള ഗതാഗതയോഗ്യമല്ലാത്ത ഇരുമ്പകച്ചോല- വർമ്മംകോട് റോഡ് ജില്ലാ പഞ്ചായത്തിനു കൈമാറ്റം ചെയ്യുന്നതിനാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയുംവേഗം കൈമാറ്റം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

32 (1868) ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

ശ്രീ. എളമരം കരിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ ജില്ലാ ലേബർ ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ജില്ലാ ലേബർ ഓഫീസർമാരെ എല്ലാ ജില്ലകളിലും നിയമിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ജില്ലാ ലേബർ ഓഫീസർ തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി) ഉദിക്കുന്നില്ല.

33 (1869) ബാലവേല നിരോധിക്കുന്നതിന് നിയമനിർമ്മാണം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിരോധിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 1991-ലെ സർവ്വേയനുസരിച്ച് സംസ്ഥാനത്ത് എത്ര ബാല തൊഴിലാളികളുണ്ടെന്ന് അറിയിക്കുമോ;

(ഡി) സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് ഇതു സംബന്ധിച്ച് ഒരു സർവ്വേ നടത്തുകയുണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15-7-1998-ൽ ബഹു.തൊഴിൽ വകുപ്പുമന്ത്രി കേരളനിയമസഭയിൽ നടത്തിയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ബാലവേല നിരോധിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള കേരളാ ചൈൽഡ് ലേബർ അബോളിഷൻ ബിൽ 1999 സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ബാലതൊഴിലാളികളെ കണ്ടെത്തുന്നതിനായി 1991-ൽ സംസ്ഥാനത്ത് ലേബർ വകുപ്പ് പ്രത്യേക സർവ്വേ നടത്തിയിട്ടില്ല. 1991-ലെ കാ

LIBRARY ARCHIVES Kerala Legislative Assembly